പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 444 28.02.2017-ൽ മറുപടിക്ക്</u>

## നികുതി വെട്ടിപ്പ് തടയുവാൻ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.എം. ആരിഫ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വെട്ടിപ്പ് തടയുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വാണിജ്യ നികുതി വകുപ്പിലെ വിവിധ അതിർത്തി ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹന ങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. നികുതിവെട്ടിപ്പിനുള്ള ഒരു പ്രധാനമാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതി നായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കി യിട്ടുണ്ട്.<br>3. റെയിൽവേ വഴി സംസ്ഥാന ത്തിനു പുറത്തേക്ക് കൊണ്ടു പോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കി യിട്ടുണ്ട്.<br>4. ബിൽ പരിശോധന. |

-2-

| | | | |
|---|---|---|---|
| | | | ഗ്രോഡൗൺ പരിശോധന, ടൂറിസ്റ്റ് ബസുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്.<br>5. വാളയാർ ചെക്ക്പോസ്റ്റിൽ ആധുനിക ക്യാമറകൾ സ്ഥാപിച്ച് ചരക്കുനീക്കം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>6. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡുകൾക്കും ചെക്ക്പോസ്റ്റുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>7. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകംടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>8. അന്തർസംസ്ഥാനവിൽപനയുടെ കാര്യത്തിൽ സി-ഫോം വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>9. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടു |

| | | | |
|---|---|---|---|
| | | | പിടിക്കുന്നതിനുള്ള സോഫ്റ്റ് വെയറിന്റെ വികസനം അവസാനഘട്ടത്തിലാണ്.<br>10. ഓൺലൈൻ തട്ടിപ്പുകളി ലൂടെയുള്ള നികുതിവെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ